## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 412

25.06.2019-ൽ മറുപടിയ്ക്ക്

### ഭൂമിയുടെ ന്യായവില പുനർനിർണയം

ചോദ്യം :

ശ്രീ. സി.മമ്മൂട്ടി
,, എം.ഉമ്മർ
,, പാറക്കൽ അബ്ദുല്ല
,, എൻ .എ.നെല്ലിക്കുന്ന്

മറുപടി :

ശ്രീ. ഇ. ചന്ദ്രശേഖരൻ
റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | ഭൂമിയുടെ ന്യായവില പുതുക്കി നിശ്ചയിക്കുന്നതിനായി ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | 14.08.2018 ലെ സ.ഉ.(കൈ) നം.302/2018/റവന്യൂ പ്രകാരം ഭൂമിയുടെ ന്യായവില പുനഃനിർണ്ണയിക്കുവാൻ അനുമതി നൽകികൊണ്ടും ന്യായവില പുനഃനിർണ്ണയം സംബന്ധിച്ച നിർദ്ദേശങ്ങൾ അംഗീകരിച്ച കൊണ്ടും ഉത്തരവായിട്ടുണ്ട് |
| (ബി) | ഇതുമായി ബന്ധപ്പെട്ട് രൂപീകരിച്ച സബ് കമ്മിറ്റി സമർപ്പിച്ച നിർദ്ദേശങ്ങൾ ഫലപ്രദമല്ലായെന്ന് കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ; | (ബി) | ഉണ്ട്. പ്രസ്തുത സബ് കമ്മിറ്റി പ്രയോജനപ്രദമായ റിപ്പോർട്ട് ലഭ്യമാക്കിയിരുന്നില്ല. |
| (സി) | ന്യായവില പുതുക്കി നിശ്ചയിക്കുന്നതുമായി ബന്ധപ്പെട്ട് രജിസ്ട്രേഷൻ ഐ.ജി. സമർപ്പിച്ച നിർദ്ദേശങ്ങൾ എന്തൊക്കെയായിരുന്നു; | (സി) | ന്യായവില പുതുക്കി നിശ്ചയിക്കുന്നതുമായി ബന്ധപ്പെട്ട് രജിസ്ട്രേഷൻ ഐ.ജി. എഴുതി തയ്യാറാക്കിയ നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടില്ല. |

| | | | |
|---|---|---|---|
| (ഡി) | പ്രസ്തുത നിർദ്ദേശങ്ങൾ നൽകിയത് സാങ്കേതിക പരിജ്ഞാനത്തെ അടിസ്ഥാനമാക്കിയാണോ എന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ; എങ്കിൽ ഈ നിർദ്ദേശങ്ങൾ അംഗീകരിക്കാത്തതിന്റെ കാരണങ്ങൾ വ്യക്തമാക്കാമോ; | (ഡി) | ബാധകമല്ല. |
| (ഇ) | ന്യായവില പുനർനിർണ്ണയവുമായി ബന്ധപ്പെട്ട് കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നൽകിയ ശിപാർശകൾ എന്തെല്ലാമായിരുന്നു; വിശദമാക്കാമോ? | (ഇ) | 1). എല്ലാ പ്ലോട്ടുകളുടെയും ന്യായവില സർവേ വകുപ്പിന്റെ സഹകരണത്തോടെ നിർണ്ണയിക്കുക.<br>2). 15 ക്ലാസ്സിഫിക്കേഷനും വ്യക്തമായ നിർവചനം നൽകുക.<br>3). ന്യായവില നിർണ്ണയിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നു നിശ്ചയിക്കുക<br>4). ഒരേ റോഡുകളോ പൊതു അതിർത്തികളോ പങ്കിടുന്ന ഭൂമിയ്ക്ക് ഒരേ ന്യായവില നൽകുക.<br>5). നിശ്ചിത മാനദണ്ഡമനുസരിച്ച് തന്നെയാണ് ന്യായവില നടത്തിയിട്ടുള്ളതെന്ന് ഉറപ്പാക്കുക. |

സെക്ഷൻ ഓഫീസർ